(ഡി) 1991-92 വർഷത്തിൽ കോട്ടയം ജില്ലയിൽപ്പെട്ട കോട്ടയം പൊൻകുന്നം എന്നീ സോഷ്യൽ ഫോറസ്ട്രി യൂണിറ്റുകളിലെ തെരഞ്ഞെടുക്കപ്പെട്ട ഹരിജൻ, ഗിരിജൻ കോളനികളിൽ കുരുമുളകുവള്ളികൾ, മഞ്ചാടി തൈകൾ മുതലായവ നട്ടുകൊടുക്കുന്നതിനും വിതരണം നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ കോട്ടയം ജില്ലാ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്ന മറ്റു ജോലികളും ചെയ്യിപ്പിക്കുന്നതാണ്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ടി പ്രദേശത്ത് ഹരിജൻ ഗിരിജൻ കോളനികളിൽ കുരുമുളക് വള്ളികൾ സ്പെഷ്യൽ കമ്പോണന്റ് പ്ലാനിൽ നട്ടു കൊടുത്തിട്ടുണ്ട്. കൂടാതെ മുക്കട സെറ്റിൽമെന്റിൽ ഒരു കമ്മ്യൂണിറ്റി ഹാളും നിർമ്മിച്ചിട്ടുണ്ട്.

വനോൽപ്പന്നങ്ങളിൽ നിന്നും ലഭിച്ച വരുമാനം

62. [2361] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1990-91 വർഷത്തിൽ സംസ്ഥാനത്തെ വനോൽപ്പന്നങ്ങളിൽ നിന്നും എന്തു തുക വരുമാനമായി ലഭിച്ചു ?

ഉത്തരം

1991 ജനുവരി 31 വരെ 2743.02 ലക്ഷം രൂപ.

ചന്ദനമരത്തിന്റെ സംരക്ഷണം

63. [2362] ശ്രീ. സി. പി. നാരായണൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, എ. കുഞ്ഞിരാമൻ :
,, ടി. കെ അബുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിലെ വിലപിടിപ്പുള്ളതും അപൂർവ്വങ്ങളുമായ മരങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ചന്ദനമരത്തിന്റെ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(സി) കേരളത്തിൽ ചന്ദനമരം ഏറ്റവും കൂടുതലുള്ളതെവിടെയാണ് ;

(ഡി) ചന്ദനത്തടിയിൽ നിന്നും സർക്കാരിന് ഒരു വർഷം എന്തു തുക ലഭിക്കുന്നുണ്ട്?

ഉത്തരം

(എ) പ്രകൃതിദത്ത വനങ്ങളിൽ മരംമുറി പൂർണ്ണമായും നിരോധിച്ചു. കാട്ടുതീയിൽ നിന്നും മോഷണത്തിൽ നിന്നും വൃക്ഷങ്ങൾക്ക് സംരക്ഷണം നൽകുവാൻ പ്രതിരോധ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. അഗസ്ത്യവനത്തിൽ ഒരു ബയോളജിക്കൽ പാർക്കും

LIBRARY ARCHIVES Kerala Legislative Assembly

മലയാറ്റൂർ വനത്തിൽ ഒരു നേച്ചർ പാർക്കും സ്ഥാപിക്കാനും രണ്ടിടത്തും മുഖ്യ വൃക്ഷങ്ങളെ നട്ടുവളർത്തി പോഷിപ്പിക്കാനും നടപടികളെടുത്തു. വീട്ടി, കരിന്താളി (എബണി), വെള്ളകിൽ, ചെങ്കുറിഞ്ഞി എന്നീ നാലു മരങ്ങളുടെ സംരക്ഷണത്തിനും വർദ്ധിത പുനരുൽപാദത്തിനും വേണ്ടി "പ്രോജക്ട് റോസ്വുഡ്" എന്ന പ്രത്യേക പദ്ധതി 1991-1992 മുതൽ നടപ്പാക്കുന്നു.

(ബി) 1986-ലെ കേരള വൃക്ഷ സംരക്ഷണ നിയമം അനുസരിച്ച് ചന്ദനം മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കാലി മേച്ചിൽ, കാട്ടുതീ ഇവയ്ക്കെതിരെയുള്ള സംരക്ഷണം, അനധികൃത മരംമുറി തടയുവാനുള്ള പരിപാടികൾ, ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങളിൽക്കൂടി തൈകളുടെ സംഖ്യാവർദ്ധന എന്നീ നടപടികളിൽക്കൂടി സംരക്ഷണം ഉറപ്പുവരുത്തുന്നു.

(സി) മൂന്നാർ ഡിവിഷനിലെ മറയൂർ റെയിഞ്ചിൽ.

(ഡി) 1988-ൽ 1,03,74,812 രൂപയ്ക്കും 1990-ൽ 69,80,985 രൂപയ്ക്കും ചന്ദനത്തടി വിറ്റിട്ടുണ്ട്. 1989-ൽ ചന്ദന വിൽപ്പന ഉണ്ടായിരുന്നില്ല.

നടപ്പുവർഷം തേക്കുവർഷമായി ആചരിക്കുവൻ നടപടി

64. [2363] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
,, എ. ജെ. സഖറിയ :
,, ഇ. അഹമ്മദ് :
,, നാലകത്തു സൂപ്പി :
,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നടപ്പുവർഷം തേക്കുവർഷമായി ആചരിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) കേരളത്തിൽ പുതുതായി തേക്കു വച്ചുപിടിപ്പിക്കുവാൻ യോജിച്ച സ്ഥലം എവിടെയൊക്കെയെന്ന് വെളിപ്പെടുത്താമോ ;

(സി) നടപ്പുവർഷത്തിൽ എത്ര ഏക്കർ സ്ഥലത്തു തേക്കുകൃഷി ചെയ്യുവാൻ ഉദ്ദേശമുണ്ട് ;

(ഡി) എത്ര തൈ ആകെ വച്ചുപിടിപ്പിക്കുവാനുദ്ദേശിക്കുന്നു ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുതായി സ്ഥലങ്ങൾ തെരഞ്ഞെടുത്ത് തേക്കു വച്ചുപിടിപ്പിക്കാൻ ഉദ്ദേശമില്ല.

(സി) പുതിയതായി ഒരിടത്തും കൃഷി ചെയ്യാനുദ്ദേശമില്ല. നിലവിലുള്ള തേക്കുതോട്ടങ്ങളിൽ മൂപ്പെത്തിയ മരം മുറിച്ച സ്ഥാനത്ത് പകരം തേക്കു കൃഷി ചെയ്യാനുദ്ദേശമുണ്ട്. 1990-91 വർഷത്തിൽ 312.09 ഹെക്ടറിലും 1991-92-ൽ 375 ഹെക്ടറിലും കൃഷി ചെയ്യാനുദ്ദേശിക്കുന്നു.

(ഡി) 1990-91 വർഷത്തിൽ 780225 തൈകളും 1991-92-ൽ 937005 തൈകളും.

LIBRARY ARCHIVES Kerala Legislative Assembly